(4) കൊച്ചി–ബോഡിനായ്ക്കന്നൂർ.

(5) എറണാകുളം–ആലപ്പുഴ–മാവേലിക്കര. അല്ലെങ്കിൽ കായംകുളം.

(6) തിരുനൽവേലി–കന്യാകുമാരി.

(7) തൃശ്ശൂർ–കൊല്ലങ്കോട്–ചിറ്റൂർ.

(8) കൊല്ലം–ചെങ്കോട്ട ലൈനിനെ പുനലൂരിൽ വച്ച് ബന്ധിക്കുകയും, കൊല്ലം, കോട്ടയം ലൈനിനെ മാവേലിക്കരയോ, ചെങ്ങന്നൂരോ തിരുവല്ലായിലോ വച്ച് ബന്ധിക്കുകയും ചെയ്യുന്ന കോർഡ് ലൈൻ. (Chord line)

(9) കുറിപ്പുറം–കൊടുങ്ങല്ലൂർ. (ഗുരുവായൂർ വഴി.)

(10) ഏറ്റുമാനൂർ. (കോട്ടയം–എറണാകുളം ലൈൻ.) മുണ്ടക്കയം.

(സി) ഉണ്ട്.

ഇഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ.

* 152. [37] ശ്രീ. കെ. സി. ജോർജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഇഞ്ചിനീയറിംഗ് കോളേജിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുവാനുള്ള ഹോസ്റ്റൽ ബിൽഡിംഗ്സ് ഇന്ന നിലവിലുണ്ടോ :

(ബി) ഇഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ ബിൽഡിംഗ് പണിയുന്നതിനായി യൂണിവേഴ്സിറ്റി ഫണ്ടിൽ തുക കൊള്ളിച്ചിരുന്നോ ;

(സി) ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ എന്തെങ്കിലും സാമ്പത്തികസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഹോസ്റ്റൽ ഉണ്ട്. അതു് ഇപ്പോൾ വാടകക്കെട്ടിടങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളതു്.

(ബി) ഇല്ല.

(സി) 5 ലക്ഷം രൂപ പലിശയില്ലാതെ കടം തരാമെന്ന സമ്മതിച്ചിട്ടുണ്ട്.

കടിയേറുപദ്ധതി.

* 153. [38] ശ്രീ. കെ. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിൽ നിന്നും എത്ര കുടുംബങ്ങൾ വെളിയിൽ കുടിയേറിപ്പോകാൻ പോയിട്ടുണ്ട് ;

(ബി) ജനസംഖ്യാപ്രശ്നം കുറയ്ക്കുന്നതിനായി പഞ്ചവത്സരപദ്ധതിയുടെ ഭാഗമായിട്ടാണോ ഈ കുടിയേറ്റപദ്ധതി ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതു് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം സ്ഥലങ്ങളിലാണ് കൂടിയേറിപ്പാക്കാൻ തിരുവിതാംകൂർ-കൊച്ചിയിൽ നിന്നും ആളുകൾ പോയിട്ടുള്ളത് ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. ഇ. കൊച്ചുകുട്ടൻ):

(എ) 192 കുടുംബങ്ങൾ.

(ബി) അല്ല. ഖർജ്ജിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഉപാധി മാത്രമായിട്ടാണ്.

(സി) മദ്ധ്യ ആൻഡമാൻസിലും, ഭോപാലിലും.

സേവാദളം

* 154. [39] ശ്രീ. പി. കെ. കുഞ്ചച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ലാത്തി പരിശീലനത്തോടും, അടി തട, കുരിപ്പുയറവ തുടങ്ങിയ അർദ്ധസൈനിക സജ്ജീകരണങ്ങളോടുംകൂടി "സേവാദളം" എന്ന ഒരു സംഘടന നമ്മുടെ സംസ്ഥാനത്തു് പ്രവർത്തിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സംഘടനയുടെ അഭിമുഖ്യത്തിൽ സംസ്ഥാന മന്ത്രിസഭയിലെ ഏതെങ്കിലും അംഗങ്ങൾ പ്രോത്സാഹജനകമായ വിധത്തിൽ പ്രസംഗിച്ചിട്ടുണ്ടോയെന്നു് പറയാൻ ദയവുണ്ടാകുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സേവാദളം എന്ന ഒരു സംഘടന പ്രവർത്തിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. എന്നാൽ ലാത്തി പരിശീലനത്തോടും, അടി തട, കുരിപ്പുയറവു് തുടങ്ങിയ അർദ്ധസൈനിക സജ്ജീകരണങ്ങളോടുംകൂടിയ സേവാദളം എന്ന ഒരു സംഘടന പ്രവർത്തിച്ചുവരുന്നതായി ഗവണ്മെൻറിനറിവില്ല.

(ബി) ചോദ്യത്തിൽ പറയുന്ന സ്വഭാവത്തോടുകൂടിയ സേവാദളം എന്ന ഒരു സംഘടനയുടെ അഭിമുഖ്യത്തിൽ മന്ത്രിസഭയിലെ ഏതെങ്കിലും അംഗങ്ങൾ പ്രോത്സാഹജനകമായ വിധത്തിൽ പ്രസംഗിച്ചിട്ടില്ല. സേവാദളം സംഘടനയുടെ അഭിമുഖ്യത്തിൽ മന്ത്രിമാർ പ്രസംഗിച്ചിട്ടുണ്ടു്.

മന്ത്രിമാരുടെ സഞ്ചാരം

* 155. [40] ശ്രീ. പി. കെ. കുഞ്ചച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മന്ത്രിമാർ സഞ്ചരിക്കുന്നതിനെക്കുറിച്ചു് ഗവണ്മെൻറ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിവിധ താലൂക്കുകളിലെ വിവിധ പാർട്ടികളുടേയും ബഹുജനസംഘടനകളുടേയും അഭിപ്രായം ആരാഞ്ഞതിനു ശേഷം ഈ സഞ്ചാരപരിപാടി ആവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly